**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :106**

**28.05.2019 ൽ മറുപടിക്ക്**

**കെ.പി.ബോട്ട് എന്ന റോബോട്ടിന്റെ സേവനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം. ജോൺ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കേരള പോലീസ് ആസ്ഥാനത്ത് എസ്.ഐ.റാങ്കിൽ കെ.പി.ബോട്ട് എന്ന റോബോട്ടിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; | എ) കേരള പോലീസ് ആസ്ഥാനത്ത് കെ.പി. ബോട്ട് എന്ന് നാമകരണം നൽകി ഒരു റോബോട്ടിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത റോബോട്ട് എന്ത് ആവശ്യത്തിലേക്കാണ് ആസ്ഥാനത്ത് സ്ഥാപിച്ചത്; | ബി) നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കി സേവനങ്ങൾ വേഗത്തിലും കൃത്യമായും ലഭ്യമാക്കി കാലാനുസൃതമായി പോലീസ് സേനയെ നവീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ട്രാൻസ്പോർട്ട് മാനേജ്മെന്റ്, ഇൻവെസ്റ്റിഗേഷൻ, ബോംബ് നിർവ്വീര്യമാക്കൽ, VVIP/VIP സുരക്ഷയുമായി ബന്ധപ്പെട്ട പോലീസിന്റെ പ്രവർത്തനങ്ങളിൽ റോബോട്ടിക്സ് സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായാണ് റോബോട്ടിന്റെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചത്. |
| സി) ഏത് കമ്പനിയിൽ നിന്നാണ് പ്രസ്തുത റോബോട്ടിനെ വാങ്ങിയതെന്നും ആയതിന് എന്ത് തുക ചെലവായി എന്നും വ്യക്തമാക്കുമോ; | സി) കേരള സ്റ്റാർട്ട് അപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ട് അപ്പ് കമ്പനിയായ കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലെ അസിമോവ് റോബോട്ടിക്സ് പ്രൈവറ്റ് ലിമിറ്റഡ്, എന്ന സ്ഥാപനത്തിൽ നിന്നുമാണ് പ്രസ്തുത റോബോട്ട് വാങ്ങിയത്. 8,50,000/- രൂപ പ്രസ്തുത കമ്പനിക്ക് നൽകിയിട്ടുണ്ട്. |

ഡി) റോബോട്ടിന്റെ സേവനം വിജയകരമാണോ; റോബോട്ടിന്റെ നിലവിലെ അവസ്ഥ എന്താണ്; ഏത് സാഹചര്യത്തിലാണ് ഇത് പരാജയപ്പെട്ടതെന്ന് വ്യക്തമാക്കുമോ?

ഡി) പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഒരു അവബോധം സൃഷ്ടിക്കുന്നതിൽ ഇത് വിജയമായിരുന്നു. പോലീസ് ആസ്ഥാനത്തെ സ്വീകരണ കാര്യാലയം കാലാനുസൃതമായി നവീകരിക്കുകയും സന്ദർശകർക്ക് ഒരു പുതിയ അനുഭവം നൽകുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് റോബോട്ടിന്റെ സേവനം പോലീസ് ആസ്ഥാനത്ത് ലഭ്യമാക്കിയത്. റോബോട്ടിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ടെക്നോ പാർക്കിലെ പോലീസ് സൈബർ ഡോമിലേക്ക് താൽക്കാലികമായി മാറ്റിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ